പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1735 | 21/01/2014- ൽ മറുപടിക്ക്

## കുളമ്പുരോഗവ്യാപനം തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കന്നുകാലികളിൽ കുളമ്പുരോഗവ്യാപനം തടയുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ)മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.<br>1).പ്രതിരോധ നടപടികളുടെ ഭാഗമായി രോഗബാധിത പ്രദേശത്തിന് ചുറ്റുമായി കുത്തിവയ്പ് (റിങ്ങ് വാക്സിനേഷൻ) നടത്തി വരുന്നു. രോഗം ബാധിച്ച ഉരുക്കൾക്ക് മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി ചികിൽസയും നൽകുന്നുണ്ട്. ചികിൽസക്കാവശ്യമായ മരുന്നുകൾ, പരിസര ശുചീകരണത്തിന് ആവശ്യമായ അണുനാശിനികൾ എന്നിവ വാങ്ങുന്നതിന് വേണ്ടി മൃഗസംരക്ഷണ വകുപ്പു 20,00,000/- രൂപ ജില്ലകളിലുള്ള ഫണ്ടുകൾക്ക് പുറമേ അധിക ഫണ്ട് ആയി ഗോരക്ഷാ പദ്ധതിയിൽ നിന്ന് വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. മരുന്നും അണുനാശിനികളും ജില്ലാ തലത്തിൽ വാങ്ങി ഉപയോഗിച്ചു വരുന്നു.<br>2) 50 ലക്ഷം രൂപയുടെ അത്യാവശ്യ മരുന്നുകൾ മൃഗസംരക്ഷണ വകുപ്പു ഡയറക്ടറേറ്റിൽ നിന്ന് ഷോർട്ട് ടെൻഡർ വിളിച്ച് വാങ്ങി വിവിധ ജില്ലകൾക്ക് വിതരണം ചെയ്തു കഴിഞ്ഞു.<br>3). എല്ലാ ജില്ലകളിലും കർഷകർക്ക് ബോധവൽക്കരണ സെമിനാറുകൾ നടത്തി കുളമ്പ് രോഗത്തെ കുറിച്ചും പ്രതിരോധമാർഗ്ഗങ്ങളെ കുറിച്ചും അവബോധം സൃഷ്ടിച്ചു. |

4). എസ്.ആർ.ഡി.ഡി.എൽ. ബാംഗ്ളൂർ, പി.ഡി.എഫ്. എം.ഡി മുക്തേശ്വർ എന്നിവിടങ്ങളിലെ വിദഗ്ധ സംഘം കേരളത്തിലെ വിവിധ ജില്ലകളിൽ സന്ദർശനം നടത്തി സാമ്പിളുകൾ ശേഖരിച്ച് വിശദമായ റിപ്പോർട്ട് മൃഗസംരക്ഷണ വകുപ്പു ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള കുളമ്പ് രോഗ വൈറസിന്റെ അതേ ജനിതക ഘടനയുള്ള 'ഒ' വിഭാഗത്തിൽപ്പെട്ട വൈറസ് തന്നെയാണ് കേരളത്തിലും കുളമ്പു രോഗം ഉണ്ടാക്കിയിട്ടുള്ളത്.

5). കുളമ്പ് രോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ ചെക്കു പോസ്റ്റുകളും 1.10.2013-മുതൽ താൽക്കാലികമായി 10 ദിവസത്തേയ്ക്ക് അടച്ചിടുകയുണ്ടായി. അതിനു ശേഷം നിബന്ധനയോടുകൂടി കന്നുകാലികളെ കടത്തിവിടുകയും പരിശോധന കർശനമാക്കുകയും ചെയ്തു. ഇത് ഒരളവുവരെ കുളമ്പ് രോഗം നിയന്ത്രിക്കുന്നതിന് സഹായകരമായിരുന്നു. ചെക്ക് പോസ്റ്റുകൾ 4.12.2013 മുതൽ വീണ്ടും താൽക്കാലികമായി അടച്ചിടുകയും ചെയ്തു. 9.1.2014 വ്യാഴാഴ്ച്ച വൈകിട്ട് 3 മണിമുതൽ കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമായി കേരളത്തിലെ തെരെഞ്ഞെടുത്ത 5 ചെക്ക് പോസ്റ്റുകൾ കന്നുകാലികളെ കൊണ്ടുവരുന്നതിന് തുറന്നു കൊടുക്കുവാൻ തീരുമാനിച്ചു. പാലക്കാട് ജില്ലയിലെ മുതലമട, വാളയാർ, ഇടുക്കി ജില്ലയിലെ കുമളി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം (കുഞ്ചത്തൂർ), തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നീ അഞ്ച് ചെക്ക് പോസ്റ്റുകളിൽ കൂടി മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളൂ. മൃഗസംരക്ഷണ വകുപ്പിലെ 5 അഡീഷണൽ ഡയറക്ടർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നത്. രാവിലെ 6 മണിമുതൽ വൈകിട്ട് 6 മണിവരെ മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളു.

| | |
|---|---|
| | 6). വിവിധ ജില്ലകളെ 4 സോണുകളായി തിരിച്ച് ടി വകുപ്പിലെ 4 അഡീഷണൽ ഡയറക്ടർമാർക്ക് ചാർജ് നൽകുകയും അടിയന്തിര സോണൽ മീറ്റിംഗുകൾ കൂടി കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.<br>7).എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ക്ഷീരവികസനവകുപ്പ് ,ക്ഷീരസഹകരണസംഘം, വനം വകുപ്പ്, പോലീസ്, മോട്ടോർ വാഹനവകുപ്പ്, തദ്ദേശസ്വയം ഭരണം, മിൽമ എന്നിവരുടെ യോഗം കൂടി പ്രശ്നങ്ങളെ അവലോകനം ചെയ്തു. |
| ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ കൊണ്ടുവരുന്നത് പൂർണ്ണമായി തടഞ്ഞതുമൂലം ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവർ നേരിടുന്ന പ്രയാസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി) 9/1/2014 മുതൽ കർശന നിയന്ത്രണങ്ങൾക്കു വിധേയമായി കേരളത്തിലെ 5 ചെക്ക്പോസ്റ്റുകൾ കന്നുകാലികളെ കൊണ്ടുവരുന്നതിന് തുറന്നു കൊടുത്തിട്ടുണ്ട്. |
| സി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കന്നുകാലികളെ പരിശോധനയ്ക്ക് വിധേയമാക്കി രോഗമില്ലാത്തവയെ ഇറക്കുമതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | സി) പാലക്കാട് ജില്ലയിലെ മുതലമട, വാളയാർ, ഇടുക്കി ജില്ലയിലെ കുമളി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം (കുഞ്ചത്തൂർ), തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നീ അഞ്ച് ചെക്ക് പോസ്റ്റുകളിൽ കൂടി മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളു. മൃഗസംരക്ഷണ വകുപ്പിലെ 5 അഡീഷണൽ ഡയറക്ടർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നത്. രാവിലെ 6 മണിമുതൽ വൈകിട്ട് 6 മണിവരെ മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ